**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 376** **01-02-2023 - ൽ മറുപടിയ്ക്ക്**

**തോട് സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്ത് കൂടി കടന്നുപോകുന്ന കരിപ്പുഴ കനാൽ പായലുകൾ നിറഞ്ഞ് ഒഴുക്ക് നിലച്ചും മാലിന്യങ്ങൾകൊണ്ട് മലീമസമായി ദുർഗന്ധം വമിക്കുന്ന സ്ഥിതിയിലാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പോളകൾ തുടങ്ങിയ മാലിന്യങ്ങൾ നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കി ടി തോട് സംരക്ഷിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) | കായംകുളം പട്ടണത്തിലൂടെ ഒഴുകുന്ന കരിപ്പുഴ കനാലിലേയ്ക്ക് പല സ്ഥലങ്ങളിൽ നിന്നും മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. മാലിന്യനിക്ഷേപം തടയുന്നതിനും ശിക്ഷാ നടപടികൾ സംബന്ധിച്ചും ബോധവല്ക്കരണം നടത്തുന്നതിനും വിവര വിജ്ഞാപന വ്യാപന പരിപാടികളുടെ ഭാഗമായ ബോർഡുകൾ സ്ഥാപിക്കുന്നതിന് കായംകുളം നഗരസഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാലിന്യനിക്ഷേപം തടയുന്നതിന് ക്യാമറകൾ സ്ഥാപിക്കുന്ന നടപടികളും പൂർത്തീകരിച്ചുവരുന്നു. വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി കനീസ കടവ് പാലം, കാര്യാത്ത് പാലം എന്നിവിടങ്ങളിൽ നെറ്റ് കെട്ടി സംരക്ഷിക്കുകയും ചെടിച്ചട്ടികൾ സ്ഥാപിച്ച് മോടിപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യനിക്ഷേപം തടയുന്നതിനുള്ള രാത്രികാല പരിശോധന വ്യാപിപ്പിച്ചിട്ടുണ്ട്. തോടിന് സമീപമുള്ള ജനവാസമേഖലകളിൽ ഇരുമ്പ് വേലി കെട്ടി സംരക്ഷിക്കുന്നതിന് വരുംവർഷം പദ്ധതി വെയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ